# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### 2015 മാർച്ച് 9, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 158 - നമ്പർ 2

വില : ₹ 20

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 9, തിങ്കൾ

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

661/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

**പേജ്**

**I ചരമോപചാരം**

സ്പീക്കർ ജി. കാർത്തികേയന്റെ നിര്യാണം. ... 1

**II അറിയിപ്പ്**

അനുസ്മരണ സമ്മേളനം .... 21

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

*2015 മാർച്ച് 9, തിങ്കൾ*

വാല്യം 158] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2015 മാർച്ച് മാസം 9-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചരമോപചാരം

### സ്പീക്കർ ജി. കാർത്തികേയന്റെ നിര്യാണം

മി. ഡെപ്യൂട്ടി സ്പീക്കർ: നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ 2015 മാർച്ച് 7-ന് നമ്മളോട് വിട പറഞ്ഞു. നിയമസഭാ സമ്മേളനം നടക്കുന്ന വേളയിൽ സഭാദ്ധ്യക്ഷൻ നിര്യാതനായത് നമ്മുടെ നിയമസഭാ ചരിത്രത്തിൽ ആദ്യമാണ്. ഈ ദുഃഖകരമായ വാർത്ത അത്യന്തം വേദനയോടെയാണ് നാം ശ്രവിച്ചത്.

തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ എൻ. പി. ഗോപാലപിള്ളയുടെയും എൽ. വനജാക്ഷിയമ്മയുടെയും മകനായി 1949 ജനുവരി 20-ന് ജനിച്ചു. കൊല്ലം എസ്.എൻ. കോളേജ് കെ.എസ്.യു. യൂണിറ്റ് പ്രസിഡന്റായി വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുപ്രവർത്തന രംഗത്ത് എത്തിയ അദ്ദേഹം വർക്കല, കൊല്ലം എസ്.എൻ. കോളേജുകളിൽ വിദ്യാഭ്യാസം നേടി. തുടർന്ന് നിയമപഠനവും പൂർത്തിയാക്കി. യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു.

1982-ൽ ഏഴാം നിയമസഭയിലേയ്ക്ക് തിരുവനന്തപുരം നോർത്ത് നിയോജക മണ്ഡലത്തിൽനിന്നും ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1991, 1996, 2001, 2006 എന്നീ വർഷങ്ങളിൽ ആര്യനാട് നിയോജക മണ്ഡലത്തിൽനിന്നും

2011-ൽ അരുവിക്കര നിയോജക മണ്ഡലത്തിൽനിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രതിനിധിയായി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

കോൺഗ്രസ്സ് നിയമസഭാകക്ഷി ഉപനേതാവ്, കോൺഗ്രസ്സ് ചീഫ് വിപ്പ് എന്നീ പദവികൾ വഹിച്ചിട്ടുള്ള ജി. കാർത്തികേയൻ 1995-96 കാലയളവിൽ വിദ്യുച്ഛക്തി വകുപ്പിന്റെയും 2001-2004 കാലയളവിൽ ഭക്ഷ്യം, സിവിൽ സപ്ലൈസ്, ദേവസ്വം, സാംസ്കാരികം എന്നീ വകുപ്പുകളുടെയും ചുമതലയുള്ള മന്ത്രിയായി. മന്ത്രി എന്ന നിലയിൽ ഈ വകുപ്പുകളിൽ നൂതനമായ അനേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

2011 ജൂൺ 2-ാം തീയതി കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. സ്പീക്കർ എന്ന നിലയിൽ നിയമസഭയുടെ നടപടിക്രമങ്ങളിൽ നവീനമായ ഒട്ടനേകം പരിഷ്കാരങ്ങൾ നടപ്പാക്കിക്കൊണ്ട് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടാണ് അദ്ദേഹം യാത്രയായത്. സഭാ സമ്മേളനം ആരംഭിക്കുന്ന ദിവസവും അവസാനിക്കുന്ന ദിവസവും ദേശീയഗാനം ആലപിക്കുന്ന രീതി നടപ്പിലാക്കി. സഭാനടപടികൾ പൂർണ്ണമായി വെബ്കാസ്റ്റ് ചെയ്യുന്ന സമ്പ്രദായം ആരംഭിച്ചു. സഭയ്ക്കുള്ളിൽ പ്രസംഗത്തിന് ലാപ്ടോപ്പും ഐ പാഡും ഉപയോഗിക്കാൻ സഭാംഗങ്ങൾക്ക് അനുമതി നൽകി. സഭാംഗങ്ങൾക്ക് പുസ്തകങ്ങൾ വാങ്ങിക്കുവാൻ പ്രതിവർഷം 15,000 രൂപ അനുവദിച്ചു. നിയമനിർമ്മാണ സഭയുടെ 125-ാം വാർഷികാഘോഷം ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ സംഘടിപ്പിക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും ഇതിന്റെ ഭാഗമായി സഭയെ അഭിസംബോധന ചെയ്തു. ഇതോടനുബന്ധിച്ച് കേന്ദ്ര സർക്കാർ ഒരു അനുസ്മരണ തപാൽ സ്റ്റാമ്പ് പുറപ്പെടുവിച്ചു. 125 വർഷത്തിന്റെ പ്രതീകമായി നിയമസഭാ വളപ്പിൽ 125 വൃക്ഷത്തൈകൾ നട്ടുകൊണ്ട് നിയമസഭയെ ഹരിതാഭമാക്കുന്നതിന് തുടക്കംകുറിച്ചു. ഇതിന്റെ ഭാഗമായി മഴവെള്ള സംഭരണികൾ സ്ഥാപിച്ചു. നിയമസഭാ മ്യൂസിയത്തിൽ പുതിയതായി ഗാന്ധിസ്മൃതി, ഭരണഘടനാ വിഭാഗം എന്നിവ തുറന്നു. നിയമസഭാ സമാജികർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായി സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗ് എന്ന വിഭാഗം ആരംഭിച്ചു. ഇതിന്റെ മേൽനോട്ടത്തിൽ വിദൂരപഠന രീതിയിൽ ആറുമാസ സർട്ടിഫിക്കറ്റ് കോഴ്സ്, ഭാരതത്തിൽ ആദ്യമായി നമ്മുടെ നിയമസഭയിൽ ആരംഭിക്കുകയും ചെയ്തു.

നിയമസഭാ ഹാളിൽനിന്നും വാച്ച് ആന്റ് വാർഡിനെ പിൻവലിച്ച അദ്ദേഹത്തിന്റെ നടപടി പരക്കെ ശ്ലാഘിക്കപ്പെട്ട ഒരു തീരുമാനമായിരുന്നു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ നിയമസഭയെ കൂടുതൽ ജനകീയമാക്കാൻ സ്പീക്കർ എന്ന നിലയിൽ ജി. കാർത്തികേയന് സാധിച്ചു. ദീർഘകാലം തൊട്ടടുത്ത മണ്ഡലങ്ങളെ പ്രതിനിധീകരിക്കുകയും എം.എൽ.എ. ഹോസ്റ്റലിൽ അടുത്തടുത്ത മുറികളിൽ താമസിക്കുകയും ചെയ്ത എനിക്ക് വ്യക്തിപരമായി, ജി. കാർത്തികേയന്റെ നിര്യാണത്തോടെ സ്നേഹനിധിയായ ഒരു സഹോദരനെയാണ് നഷ്ടമായിരിക്കുന്നത്.

നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരെ എപ്പോഴും തന്റെ കുടുംബാംഗങ്ങളെപ്പോലെ അദ്ദേഹം സ്നേഹിച്ചിരുന്നു. ഏറ്റെടുത്ത കർമ്മ മണ്ഡലങ്ങളിലെല്ലാം സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ചാണ് അദ്ദേഹം യാത്രയായത്. സൗമ്യമായ ഇടപെടലും ആത്മാർത്ഥമായ പ്രവർത്തനവും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. അക്ഷരങ്ങളെയും കലയെയും അതിരറ്റ് സ്നേഹിച്ച മികച്ച ഒരു വാഗ്മിയേയും ദീർഘദർശിയായ ഭരണാധികാരിയേയും സ്നേഹനിധിയായ ഒരു ഉത്തമ വ്യക്തിയേയും ആദർശവും സ്ഥൈര്യവും കാത്തുസൂക്ഷിച്ച മികച്ച സംഘടാകനേയും വരുംതലമുറയ്ക്ക് മാതൃകയായ ജനനേതാവിനേയുമാണ് ജി. കാർത്തികേയന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

'ജി. കെ.' എന്ന രണ്ടക്ഷരത്തിലൂടെ ജനങ്ങളുടെയെല്ലാം മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഈ നേതാവിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭാനാഥനായിരുന്ന ജി. കാർത്തികേയനെക്കുറിച്ച് അങ്ങ് പറഞ്ഞ വാക്കുകൾ, ആ വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അദ്ദേഹത്തിന്റെ വേർപാട് സഭയ്ക്കും കേരളത്തിലെ പൊതുപ്രവർത്തന രംഗത്തിനും പ്രത്യേകിച്ച്, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനും ഒരു വലിയ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. ജി. കാർത്തികേയൻ കേരളത്തിന്റെ പൊതുജീവിതത്തിന് ഒരു മുതൽക്കൂട്ടായിരുന്നു. 'ജി. കെ.' എന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം പൊതുജീവിതത്തിന്റെ ഒരു അലങ്കാരമായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം വളരെ നാളുകൾകൂടി പ്രതീക്ഷിച്ചിരുന്ന ഒരു അവസരത്തിലാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. കേരള രാഷ്ട്രീയത്തിന്റെ സൗമ്യസാന്നിദ്ധ്യമെന്ന് വേണമെങ്കിൽ അദ്ദേഹത്തെ വിശേഷിപ്പിക്കാൻ സാധിക്കും. അദ്ദേഹം ഇന്നൊരു ഓർമ്മയായി മാറിക്കഴിഞ്ഞു. വളരെ കുലീനമായ പെരുമാറ്റംകൊണ്ടും നിശ്ചയദാർഢ്യത്തോടുകൂടിയുള്ള സമീപനംകൊണ്ടും ശാന്തവും ലളിതവുമായ ജീവിത രീതികൊണ്ടും ഉന്നതമായ

ജനാധിപത്യബോധംകൊണ്ടും കേരളീയ പൊതുസമൂഹത്തിന്റെ വിശ്വാസവും സ്നേഹവും ആദരവും പിടിച്ചുപറ്റിയ അത്യപൂർവ്വമായ വ്യക്തിത്വമായിരുന്നു ജി. കാർത്തികേയൻ.

ആറുതവണ നിയമസഭാംഗമായും രണ്ട് തവണ മന്ത്രിയായും പ്രവർത്തിച്ച അദ്ദേഹത്തെ കേരളം എപ്പോഴും അനുസ്മരിക്കുന്നത് നിയമസഭാ സ്പീക്കറായിരുന്നുകൊണ്ട് അദ്ദേഹം നടത്തിയ സേവനങ്ങളെയും പരിഷ്കാരങ്ങളെയും മുൻനിർത്തിയായിരിക്കും. സഭയിൽ അദ്ദേഹം നടത്തിയ പരിഷ്കാരങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. ഭരണകക്ഷിയും പ്രതിപക്ഷവും ഏകദേശം തുല്യമായിട്ടുള്ള സഭയിൽ, സഭയുടെ പ്രവർത്തനം മാതൃകാപരമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹം കാട്ടിയ അത്ഭുതകരമായ സിദ്ധി, ഈ നിയമസഭയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ എന്നിവ മുൻനിർത്തിയായിരിക്കും അദ്ദേഹത്തെ എക്കാലവും സ്മരിക്കുന്നത് എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. സഭാ നടത്തിപ്പിൽ അദ്ദേഹം പൂർണ്ണ വിജയമായിരുന്നു. ഭരണപക്ഷത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങൾ സാധിച്ചുതന്നതും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുമാണ് അദ്ദേഹം അക്കാര്യത്തിൽ വലിയ വിജയം നേടിയത്. ചട്ടങ്ങളുടെ ചാട്ടവാറിനെക്കാൾ അദ്ദേഹം ഇഷ്ടപ്പെട്ടത് സ്നേഹപൂർണ്ണമായ നിർദ്ദേശങ്ങളെയും ഉപദേശങ്ങളെയുമാണ്. അതുകൊണ്ടാണ് ഭരണ-പ്രതിപക്ഷ കക്ഷികളുടെ സ്നേഹവും ബഹുമാനവും ആർജ്ജിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്.

വാച്ച് ആന്റ് വാർഡിനെ നിയമസഭയ്ക്കുള്ളിൽനിന്ന് പിൻവലിക്കാനുള്ള അദ്ദേഹത്തിന്റെ തീരുമാനം നിയമസഭാ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒന്നായിരുന്നു. നിയമസഭാംഗങ്ങളുടെ ഉന്നതമായ ജനാധിപത്യ ബോധത്തിൽ അദ്ദേഹത്തിനുള്ള അതിരറ്റ വിശ്വാസമാണ് ആ തീരുമാനത്തിൽ നിഴലിച്ചുകണ്ടത്. അതിന് ഭംഗം വരുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെട്ടെങ്കിലും അദ്ദേഹം തീരുമാനത്തിൽനിന്ന് പിന്നോട്ട് പോയില്ല. നിഷ്പക്ഷനും നീതിമാനുമായ സ്പീക്കറെന്ന നിലയിൽ കേരളം അദ്ദേഹത്തെ എന്നും സ്മരിക്കും. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്ന സ്ഥാപനം അദ്ദേഹം വളരെ ചെറിയ നിലയിൽ തുടങ്ങിയതാണ്. ആ സ്ഥാപനമാണ് ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ ബയോടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്. ലോകത്തിലെ വളരെയേറെ യൂണിവേഴ്സിറ്റികളുമായി എം.ഒ.യു. ഒപ്പിട്ട് നിരവധി ഗവേഷണം നടത്തുന്ന ആ സ്ഥാപനം ഇന്ന് ലോകം മുഴുവൻ അറിയപ്പെടുന്ന ഒന്നായി മാറിയിട്ടുണ്ട്. ചെറിയ

തോതിൽ തുടങ്ങിയ ആ സ്ഥാപനം സംസ്ഥാന ഗവൺമെന്റിന് കൈമാറുകയും സംസ്ഥാന ഗവൺമെന്റിൽ നിന്ന് അത് കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്തു. ഇന്ന് ആ സ്ഥാപനത്തിന്റെ വളർച്ചയും ഉയർച്ചയും കാണുമ്പോൾ എത്ര ദീർഘ വീക്ഷണത്തോടുകൂടിയാണ് അദ്ദേഹം ഇത് തുടങ്ങിവച്ചത് എന്ന് മനസ്സിലാകും. അദ്ദേഹം തൊടുന്നതെല്ലാം വിജയമാക്കുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമായി ഇതിനെ കാണാവുന്നതാണ്. വിദ്യാർത്ഥി ജീവിതകാലം മുതൽ സഹപ്രവർത്തകനായിരുന്ന അദ്ദേഹവുമായി കൂടുതൽ അടുത്തിടപഴകുന്നത് അദ്ദേഹം കെ.പി.സി.സി. ഭാരവാഹി ആകുമ്പോഴും എം.എൽ.എ. ആയി വരുന്ന സമയത്തുമാണ്.

കഴിഞ്ഞ നിയമസഭയിൽ പ്രതിപക്ഷനേതാവിയിരുന്ന എനിക്ക് ഉപനേതാവ് എന്ന നിലയിൽ അദ്ദേഹം നൽകിയ സഹകരണവും പിന്തുണയും പ്രതിസന്ധി ഘട്ടങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങളും വിസ്മരിക്കാൻ കഴിയില്ല. പാർട്ടിയിലും പൊതുപ്രവർത്തനരംഗത്തും വ്യത്യസ്തമായ നിലപാടുകൾകൊണ്ട് കാർത്തികേയൻ എന്നും ശ്രദ്ധേയനായിരുന്നു. അദ്ദേഹം കോൺഗ്രസ് പാർട്ടിയോടും പാർട്ടി താല്പര്യങ്ങളോടും അചഞ്ചലമായ കൂറ് പുലർത്തിയിരുന്നു. തികച്ചും സാധാരണമായ സാഹചര്യങ്ങളിൽനിന്നാണ് പാർട്ടിയുടെ ഉന്നത ശ്രേണിയിൽ അദ്ദേഹം ചവിട്ടിക്കയറിയത്. വായന എന്നും ഇഷ്ടപ്പെട്ട കാർത്തികേയന്റെ പെരുമാറ്റത്തിലും പ്രസംഗത്തിലും തികഞ്ഞ കുലീനത്വം പ്രകടമായിരുന്നു. ആരോടും പരിഭവവും പരാതിയുമില്ലാതെ എല്ലാവരെയും ഇഷ്ടപ്പെട്ടും സ്നേഹിച്ചും നടന്നുനീങ്ങിയ അദ്ദേഹം എന്നും നമ്മുടെ ഓർമ്മയിലുണ്ടാകും. കാർത്തികേയനെ ഞാൻ ഏറ്റവുമധികം വിലമതിക്കുന്നത് അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ച ജനങ്ങളെയും സഹപ്രവർത്തകരെയും ഒരിക്കൽപ്പോലും അദ്ദേഹം നിരാശപ്പെടുത്തിയിട്ടില്ല എന്നുള്ളതിലാണ്. വിശ്വസനീയത - ഒരു പൊതുപ്രവർത്തകനുവേണ്ട ഏറ്റവും വലിയ ഗുണം, അദ്ദേഹം അത് ജീവിതകാലം മുഴുവൻ പുലർത്തി. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ അദ്ദേഹത്തിന് അന്ത്യോപചാരം അർപ്പിക്കാനെത്തിയ ജനങ്ങളുടെ സാന്നിദ്ധ്യവും അവരുടെ ദുഃഖവും സ്നേഹവുമെല്ലാം അത് വളരെ പ്രകടമാക്കുന്നുണ്ട്.

അദ്ദേഹത്തിന്റെ അവസാനത്തെ പൊതുപരിപാടി ഫെബ്രുവരി 5-ാം തീയതി അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ വെള്ളറടയിൽ വച്ചായിരുന്നു. അതിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചു. ദീർഘകാലത്തെ അസുഖത്തിനുശേഷം അദ്ദേഹം പങ്കെടുക്കുന്ന പരിപാടി എന്ന പുതുമകൂടി അതിനുണ്ടായിരുന്നു. ജനങ്ങൾ എത്രമാത്രം അദ്ദേഹത്തെ സ്നേഹിക്കുന്നുവെന്ന് നേരിട്ട് കാണാനും അറിയാനും

എനിക്ക് സാധിച്ചു. അന്ന് എന്നെ വളരെയധികം സ്പർശിച്ച ഒരു സംഭവം, ഞാൻ പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം എഴുന്നേറ്റുവന്ന് എനിക്ക് ഒരു കുറിപ്പ് തന്നു. അന്ന് അദ്ദേഹത്തിന് ആരോഗ്യപരമായ ബുദ്ധിമുട്ടുകളുള്ള സമയമാണ്. ആ പരിപാടി നടക്കുന്ന ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനത്തെ സംബന്ധിച്ച് ഒരാവശ്യം നേരത്തെ എന്നോട് പറയാൻ വിട്ടുപോയി. അദ്ദേഹം തന്ന കുറിപ്പിന് അനുകൂലമായ മറുപടി ആ സ്റ്റേജിൽവച്ചുതന്നെ ഞാൻ പറഞ്ഞു. അദ്ദേഹം എത്രമാത്രം ജനകീയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നീങ്ങുന്നു എന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണം അതായിരുന്നു. അന്ന് അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ വിടവാങ്ങൽ പ്രസംഗമാണ് അതെന്ന് ഞങ്ങളാരും വിചാരിച്ചിരുന്നില്ല. അദ്ദേഹം പങ്കെടുത്ത അവസാനത്തെ പൊതുപരിപാടിയും അതായിരുന്നു. തന്റെ സ്വകാര്യ ദുഃഖങ്ങൾ എന്നും തന്നിൽമാത്രം ഒതുക്കി നിർത്താനാണ് അദ്ദേഹം ശ്രമിച്ചത്. തന്റെ രോഗവിവരംപോലും ദീർഘകാലം അദ്ദേഹം മറ്റാരുമായും പങ്കുവച്ചിരുന്നില്ല. അദ്ദേഹത്തിന്റെ രോഗത്തിന്റെ തീവ്രതപോലും പലർക്കും അറിയില്ലായിരുന്നു. ഞങ്ങളൊക്കെ അറിഞ്ഞപ്പോഴേക്കും ചികിത്സാവിധികൾക്ക് വിധേയനാകാത്ത രീതിയിൽ രോഗത്തിന്റെ കാഠിന്യം അദ്ദേഹത്തെ കീഴ്പ്പെടുത്തിക്കഴിഞ്ഞു. മുഖത്തെ പ്രകടമായ വിഷാദഭാവം മനസ്സിൽ ഒതുക്കിപ്പിടിച്ച് അക്ഷോഭ്യനായാണ് അദ്ദേഹം മരണത്തിലേക്ക് നടന്നുനീങ്ങിയത്. അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു. ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് ആ ദുഃഖം സഹിക്കാൻ സാധിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. അവരോടുള്ള സ്നേഹാദരം പ്രകടിപ്പിക്കാനും ഈ അവസരം വിനിയോഗിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞാൻ അങ്ങേയറ്റം വിലമതിപ്പോടുകൂടി സ്വീകരിക്കുകയാണ്. അദ്ദേഹം തികഞ്ഞ ഒരു ജനാധിപത്യവാദി ആയിരുന്നു. തന്റെ മുന്നിലുള്ള ജനപ്രതിനിധികളെ സഹോദരസവിശേഷമായ നിലയിൽ കാണാനും പെരുമാറാനും അദ്ദേഹത്തിന് കഴിഞ്ഞു. അതിന്റെ ആദ്യത്തെ തെളിവാണ് സെക്യൂരിറ്റികളാൽ സാർവ്വഭൗമൻമാരായി ഏകാധിപതിയെപ്പോലെ സഭയെ നിയന്ത്രിച്ചുപോന്ന മുൻസ്പീക്കർമാരിൽനിന്ന് വ്യത്യസ്തനായി ജനാധിപത്യ വാദിയായ ഞാൻ എന്റെ സഹപ്രവർത്തകരെ അതേ നാണയത്തിൽത്തന്നെ, അതേ രൂപത്തിൽത്തന്നെ,

അതേ രീതിയിൽത്തന്നെ കാണുകയാണ് വേണ്ടത് എന്ന വിശ്വാസത്തോടുകൂടി പോലീസിന്റെ സെക്യൂരിറ്റി സംവിധാനം അവസാനിപ്പിച്ചു കൊണ്ടുള്ള ഏറ്റവും ചരിത്രപരമായ ഒരു നടപടി അദ്ദേഹം അംഗീകരിച്ചു നടപ്പിലാക്കുകയുണ്ടായി. ഇൻഡ്യൻ അസംബ്ലിക്കാകെ മാതൃകാപരമായ ഒരു സമീപനമായിരുന്നു അത്. അതനുസരിച്ച് സഭ നടക്കുമ്പോൾ സഭാംഗങ്ങൾ ഉന്നയിക്കുന്ന ആക്ഷേപങ്ങളും പ്രശ്നങ്ങളുമെല്ലാംതന്നെ ശ്രദ്ധാപൂർവ്വം കേട്ടതിനുശേഷം ഗവൺമെന്റിനും ഗവൺമെന്റ് പ്രതിനിധികൾക്കും പറയുവാനുമുള്ള അവസരം ശരിക്കും നൽകിയ അദ്ദേഹം മറുപടി പറയുമ്പോൾ, ഗവൺമെന്റിന്റെ അന്തസ്സ് ശരിക്കും ഉയർത്തിപ്പിടിക്കുമ്പോൾത്തന്നെ പ്രതിപക്ഷത്തിനുംകൂടി ഒരിടം നൽകിക്കൊണ്ടായിരിക്കും തീരുമാനമെടുക്കുന്നത്. അങ്ങനെ ഏകാധിപതികളുടെ സ്വഭാവത്തിൽനിന്ന് വ്യത്യസ്തമായി തികച്ചുമൊരു ജനാധിപത്യവാദിയായി മാതൃകാപരമായ തന്റെ സ്പീക്കർസ്ഥാനം വിനിയോഗിച്ച ഏറെ ബഹുമാനിതനായ സ്പീക്കർ ജി. കാർത്തികേയനെ ഞാൻ അങ്ങേയറ്റം സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും എല്ലാമുള്ള കടപ്പാടും സ്നേഹം നിറഞ്ഞ അവരുടെയെല്ലാംതന്നെ നോട്ടങ്ങളും സമീപനങ്ങളും അതിനോടെല്ലാംതന്നെ നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇവിടെ വളരെ വികാരഭരിതനായി അങ്ങും അതുപോലെ തന്നെ വളരെ വിശദമായി ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമൊക്കെ ജി. കാർത്തികേയനെ സംബന്ധിച്ച് പറഞ്ഞത് സഭയിലുള്ള എല്ലാവരുടെയും ഒരുപക്ഷെ ഈ സംസ്ഥാനത്ത് അദ്ദേഹത്തെ അറിയാവുന്ന എല്ലാവരുടെയും വികാരമാണ്. സഭാദ്ധ്യക്ഷൻ എന്നുള്ള നിലയിൽ കേരളത്തിൽ മാത്രമല്ല രാജ്യത്തുമുഴുവൻ നിറഞ്ഞുനിൽക്കുന്ന ഒരു സന്ദർഭത്തിലാണ് അദ്ദേഹം നമ്മെ വിട്ടുപോയിരിക്കുന്നത്. അതുമാത്രമല്ല തീരെ അപ്രതീക്ഷിതമായ ഒരു സമയത്ത് നമുക്കൊക്കെ ഉൾക്കൊള്ളാൻ സാധിക്കാത്തവിധം അസുഖം വരികയും ക്രമേണ അത് മൂർച്ഛിക്കുകയും മരണത്തിലേക്ക് നടന്നുനീങ്ങുകയും ചെയ്ത ആ സന്ദർഭത്തിലൊക്കെ എല്ലാവർക്കും വളരെ വലിയ വേദനയും വിഷമവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അന്ത്യം ഇത്രവേഗം സംഭവിക്കുമെന്ന് ആരുംതന്നെ കരുതിയിരുന്നില്ല. ഈ സഭ നടക്കുന്ന സന്ദർഭത്തിൽ അദ്ദേഹം സുഖമായി വരുമെന്നാണ് നമ്മളൊക്കെ കരുതിയിരുന്നത്. ബാംഗ്ലൂരിൽ

അദ്ദേഹത്തെ കാണാൻവേണ്ടി എല്ലാവരുംകൂടി പോയ ദിവസമാണ് അദ്ദേഹത്തിന്റെ അന്ത്യം പെട്ടെന്ന് സംഭവിച്ചത്. ആ സന്ദർഭത്തിൽ പാർട്ടിനേതാക്കളും മറ്റെല്ലാവരും അവിടെയുണ്ടായിരുന്നു. എല്ലാവർക്കും ഒരേ സ്വരത്തിൽ ജി. കാർത്തികേയനോട് സ്നേഹമായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഞങ്ങളൊന്നിച്ച് ഒരേ സമയത്ത് ഈ നിയമസഭയിൽ കടന്നുവന്നവരാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനത്തെപ്പറ്റി ദീർഘമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റും ഇവിടെ എടുത്തുപറഞ്ഞു. അതിലേയ്ക്ക് ഇനിയും കടക്കേണ്ട കാര്യമില്ല. കേരളം മുഴുവൻ ഉൾക്കൊണ്ടുകൊണ്ട് ഹൃദയത്തിൽ തട്ടിയ ഒരു വലിയ യാത്രയയപ്പാണ് ജി. കെ.യ്ക്ക് നൽകിയത്.

അദ്ദേഹം ഏതുതരം വ്യക്തിയായിരുന്നുവെന്ന് ചോദിച്ചാൽ എല്ലാവർക്കും പറയാൻ സാധിക്കും. വലിയ ഒരു മനുഷ്യസ്നേഹിയും അതുപോലെതന്നെ സുഹൃത്തുക്കളെപ്പോലെ നമ്മെ കാണുന്ന ഒരാളുമായിരുന്നു. എപ്പോൾ കണ്ടാലും വലിയ സൗഹൃദപരമായ പെരുമാറ്റവും അതുപോലെ നമുക്കുതന്നെ വലിയൊരു പോസിറ്റീവ് എനർജി ഉണ്ടാക്കുന്നതുമായ ഒരു സാന്നിദ്ധ്യമാണ് ജി. കാർത്തികേയന്റേത്. എപ്പോഴും ജനങ്ങളുടെ കാര്യവും മണ്ഡലത്തിന്റെ കാര്യവും അതുപോലെതന്നെ ഓരോ ഡിപ്പാർട്ടുമെന്റിന്റെയും പെർഫോമൻസിന്റെ കാര്യവുമൊക്കെയാണ് അദ്ദേഹം കാണുമ്പോഴൊക്കെ ചർച്ച ചെയ്യാറുള്ളതെന്ന കാര്യം ഞാൻ ഓർക്കുകയാണ്. അങ്ങനെയുള്ള ഉന്നത കാഴ്ചപ്പാടുള്ള ഒരു വ്യക്തിയായിരുന്നു ജി. കാർത്തികേയൻ. നിയമസഭയ്ക്കകത്ത് വാച്ച് ആൻഡ് വാർഡ് വേണ്ടായെന്നുള്ള അദ്ദേഹത്തിന്റെ പരിഷ്കാരത്തെപ്പറ്റി ഇവിടെ എല്ലാവരും പറഞ്ഞു. അതൊരു വലിയ സംഭവം തന്നെയാണ്. ഇൻഡ്യയിൽ ഏറ്റവും പഴക്കംചെന്ന ഈ നിയമസഭയിൽ അതിന്റെ 125 വർഷം പിന്നിട്ട സംഭവവികാസങ്ങളും ചരിത്രങ്ങളുമൊക്കെ ആചരിക്കുകയും ഇൻഡ്യയിലെ ഉന്നത നേതാക്കന്മാരെയൊക്കെ പങ്കെടുപ്പിച്ചുകൊണ്ട് ഫംഗ്ഷൻ നടത്തുകയും ചെയ്ത സമയത്ത് അദ്ദേഹം നടത്തിയ ആ ഒരു പരിഷ്കാരം ഇവിടെ പറഞ്ഞപോലെ നിയമസഭാ സാമാജികരിൽ വിശ്വാസമർപ്പിക്കുകയാണ് ചെയ്തത്. അത് വലിയൊരു വിജയമായിരുന്നു. നമ്മുടെ പഴയകാല ചരിത്രമൊക്കെ നോക്കുമ്പോൾ ആ തീരുമാനം, ഒരു വലിയ ചലഞ്ച് അദ്ദേഹം നമ്മുടെ മുമ്പിലേക്കിട്ടുതരികയാണ് ചെയ്തത്. ഉത്തരവാദിത്വത്തോടുകൂടി പെരുമാറണം, എന്തിനാണവിടെ ഫോഴ്സ് എന്നുള്ള ചോദ്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപോലെയുള്ള സന്ദർഭങ്ങളൊക്കെയുണ്ടായെങ്കിലും ശരി, മുഴുവൻ ചരിത്രമെടുത്തു നോക്കുമ്പോൾ

അത് വിജയിക്കുകയാണ് ചെയ്തത്. ആ വിജയം എന്നുപറയുന്നത് ജനാധിപത്യത്തിന്റെ വിജയമാണ്. അത് അദ്ദേഹം നടത്തിയ, ഇൻഡ്യയ്ക്കുമുഴുവൻ മാതൃകയായ ഒരു വലിയ പരിഷ്കാരമായി എനിക്ക് തോന്നുകയാണ്. എന്തായാലും നമുക്കൊക്കെ വളരെ വേദനയും വിഷമവുമുണ്ട്, ജി. കെ. ഇത്രവേഗം നമ്മെ വിട്ടുപോകുമെന്ന് നമ്മളാരും കരുതിയില്ല. ഇവിടെ വാക്കുകൾക്ക് അധികം വികാരം പകർത്താനാവില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും അതുപോലെതന്നെ അദ്ദേഹത്തെ സ്നേഹിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളോടും എന്റെ പാർട്ടിയുടെയും എന്റെയും അങ്ങേയറ്റത്തെ ദുഃഖം ഞാൻ രേഖപ്പെടുത്തുന്നു.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, പ്രിയങ്കരനായ ജി. കാർത്തികേയൻ ഇല്ലാത്ത നിയമസഭയിലാണ് നമ്മൾ പങ്കെടുക്കുന്നത്. അദ്ദേഹം ഇപ്പോഴും നമ്മളെ കാണുന്നുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അദ്ദേഹവുമായി തിരുവനന്തപുരത്തെ രാഷ്ട്രീയ പ്രവർത്തനങ്ങൾ ദീർഘനാൾ നടത്തിയ ആ സന്ദർഭങ്ങളിൽ വളരെ വിസ്മയകരമായ അനുഭവമാണ് അദ്ദേഹത്തിൽനിന്നുണ്ടായിട്ടുള്ളത്. രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്ന എതിരാളികളെ ഒരിക്കലും ശത്രുക്കളായി കാണാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. വെറും സാങ്കേതികമായ ബന്ധങ്ങളല്ല ജി. കാർത്തികേയൻ ഞങ്ങളുമായും എല്ലാ കമ്മ്യൂണിസ്റ്റുകാരുമായും പുലർത്തിയിരുന്നത്. അവരുടെ കുടുംബങ്ങളുമായി അവരുടെ വ്യക്തിപരമായ കാര്യങ്ങളിലുമൊക്കെ ഇടപെടുമായിരുന്നു. വ്യക്തിപരമായി ഏറ്റവും പ്രിയപ്പെട്ട ഒരാളിന്റെ നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. വളരെ വികാരസാന്ദ്രമാണ് ഈ സഭയിപ്പോൾ. അവസാനംവരെ നമ്മൾ പ്രതീക്ഷിച്ചത് അദ്ദേഹം തിരികെ വരുമെന്നാണ്. നമ്മുടെ എല്ലാ പ്രതീക്ഷകളെയും തകർത്തുകൊണ്ടാണ് ജി. കാർത്തികേയൻ വിടപറഞ്ഞത്.

അദ്ദേഹം പത്രസമ്മേളനം നടത്തി പറഞ്ഞ ഒരു വാചകത്തെക്കുറിച്ച് ഞാനൊരുപാട് ആലോചിച്ചു. ഒരു കരിയില വീണാലുണ്ടാകുന്ന ശബ്ദംപോലുമില്ലാതെ ഞാനെല്ലാ സ്ഥാനങ്ങളോടും വിടപറയാൻ സന്നദ്ധനാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് പൊതുരംഗത്തും രാഷ്ട്രീയരംഗത്തും പ്രത്യേകിച്ച് ഇന്ന് ഒരു വലിയ സന്ദേശമാണ് നൽകുന്നത്. എന്താണ് പുതിയ തലമുറയ്ക്കുള്ള ജി. കാർത്തികേയന്റെ സന്ദേശമെന്ന് എന്നോട് പലരും ചോദിച്ചു. അദ്ദേഹത്തിന്റെ പരന്ന വായന, വെറും മുരടിച്ച രാഷ്ട്രീയ പ്രവർത്തകനായിരുന്നില്ല, വിശാലമായ കലാ സാംസ്കാരിക രംഗത്ത് ശ്രദ്ധേയനായിരുന്നു അദ്ദേഹം. വായനയും കലയോടുള്ള സ്നേഹവും അദ്ദേഹത്തെ രാഷ്ട്രീയത്തിൽനിന്നും

സമീപനങ്ങളിൽനിന്നും വ്യത്യസ്തനാക്കി. ഈ നിയമസഭ കഴിഞ്ഞ വർഷങ്ങളിലെല്ലാം സംഘർഷം നിറഞ്ഞതായിരുന്നു. സംഘർഷം നിറയുമ്പോഴും ഭരണകക്ഷിയേയും പ്രതിപക്ഷത്തേയും വിളിച്ച് സ്പീക്കർ എന്ന നിലയിൽ ആ വിഷയങ്ങൾ രമ്യമായി തീർക്കാനുള്ള ജി. കാർത്തികേയന്റെ സംഭാവന അവിസ്മരണീയമാണ്. അദ്ദേഹം വയ്ക്കുന്ന നിർദ്ദേശങ്ങൾ ഞങ്ങൾ തള്ളിക്കളയാറില്ല. പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ കടുകിട ചോർന്നുപോകാതെ, ഭരണപക്ഷത്തെ എതിർപ്പുകളെപ്പോലും വകവയ്ക്കാതെ ജനാധിപത്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം പ്രതിപക്ഷമാണെന്ന ജനാധിപത്യമൂല്യം ഉയർത്തിപ്പിടിച്ച ചരിത്രപുരുഷനായ ഒരാളാണ് അദ്ദേഹമെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. സാധാരണ കുടുംബം, ജീവിത ക്ലേശങ്ങൾ എല്ലാം പടവെട്ടിക്കയറിയ ആളാണ് ജി. കാർത്തികേയൻ. എന്റെ അന്വേഷണത്തിൽ ജി. കാർത്തികേയന് ഗോഡ് ഫാദർ ഒന്നുമില്ലായിരുന്നു. സ്വന്തം വ്യക്തിത്വവും അഭിപ്രായങ്ങളും തന്റേടത്തോടെ പറയുന്ന, അതിൽ ശത്രുക്കളോ മിത്രങ്ങളോ ഉണ്ടാകുമെന്നോ നോക്കിയിരുന്നില്ല. കേരളത്തിന്റെ പൊതുരംഗത്ത് അസാധാരണമായ മൂല്യത്തകർച്ചയും ജനങ്ങളിൽനിന്ന് നമ്മൾ ഒറ്റപ്പെടുന്നുവോ എന്ന തോന്നലുമുള്ള സങ്കീർണ്ണമായ ഈ സമയത്ത് തീർച്ചയായും ജി. കാർത്തികേയൻ നമ്മുടെ വെളിച്ചം തന്നെയായിരുന്നു. നമ്മുടെ സഭാനടപടികൾ ഇനിയും മുന്നോട്ടുപോകാൻ കാർത്തികേയന്റെ മാതൃകാപരമായ സമീപനങ്ങൾ ഉണ്ടാകട്ടെ. കാർത്തികേയന്റെ വേർപാടിലും അദ്ദേഹത്തിന്റെ കുടുംബത്തോടുമുള്ള എന്റെ വ്യക്തിപരമായ ദുഃഖം ഞാൻ രേഖപ്പെടുത്തുന്നു. നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ നമ്മുടെ നിയമസഭയുടെയോ ഉള്ളിൽ ജി. കാർത്തികേയന് സുസ്ഥിരമായ ഒരു സ്ഥാപനം കേരള നിയമസഭയ്ക്കുണ്ടാകണം എന്ന എന്റെ ആഗ്രഹം ഞാൻ പ്രകടിപ്പിക്കുന്നു. എന്റെയും എന്റെ പാർട്ടി എം.എൽ.എ.-മാരുടെയും അഗാധമായ ദുഃഖം ഞാൻ ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, ജി. കാർത്തികേയന്റെ നിര്യാണം കേരളത്തെയാകമാനം ദുഃഖത്തിലാഴ്ത്തിയ ഒരു സംഭവമായിരുന്നു. ജി. കാർത്തികേയനെ ഓർക്കുമ്പോൾ പ്രസാദാത്മകത എപ്പോഴും അദ്ദേഹത്തിന്റെയൊരു സ്വഭാവ വൈശിഷ്ട്യം തന്നെയായിരുന്നു. പുഞ്ചിരിയോടുകൂടി എല്ലാവരേയും സ്വീകരിക്കുന്ന ഒരു വ്യക്തിത്വത്തിനുടമയായിരുന്നു. എത്രയോ സ്നേഹത്തോടുകൂടിയാണ് എല്ലാവരേയും അദ്ദേഹം സ്വീകരിക്കുന്നതും സംസാരിക്കുന്നതും. അദ്ദേഹം എല്ലാവരുടെയും ഒരു

ആത്മസുഹൃത്താണ്. ഒരു ആത്മസുഹൃത്തിനെ നഷ്ടപ്പെട്ട നഷ്ടബോധമാണ് നമ്മെ സംബന്ധിച്ചിടത്തോളമുള്ളത്. വായനയെ വളരെയധികം സ്നേഹിച്ച ഒരാളാണ് അദ്ദേഹം. ഏതു വിഷയത്തെ സംബന്ധിച്ചും നല്ല പാണ്ഡിത്യമുണ്ടായിരുന്നു. രാഷ്ട്രീയക്കാരിലെ വായനക്കാരനും വായനക്കാരിലെ രാഷ്ട്രീയക്കാരനുമായിരുന്നു ജി. കാർത്തികേയൻ എന്ന് പറയാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞതിന് മുമ്പിലത്തെ സമ്മേളനത്തിനുമുമ്പ് അദ്ദേഹം ഒരു പത്രസമ്മേളനത്തിൽവച്ച് ഞാൻ ഇനി തുടരാൻ ആഗ്രഹിക്കുന്നില്ല എന്നുപറഞ്ഞത് ഞാൻ ഓർക്കുന്നു. അന്ന് രാത്രി ഞാൻ അദ്ദേഹത്തെ ഫോണിൽ വിളിച്ചു ചോദിച്ചു; കാർത്തികേയൻ എന്താണ് ഇങ്ങനെ പറഞ്ഞത്, ഇങ്ങനെ പറയരുതായിരുന്നു, അങ്ങനെ ചിന്തിക്കുവാൻതന്നെ പാടില്ല എന്ന്. അത് എന്റെ മനസ്സിൽത്തട്ടി പറഞ്ഞതാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. കേരള നിയമസഭ കണ്ടിട്ടുള്ള സ്പീക്കർമാരിൽ അദ്വിതീയനായിരുന്നു കാർത്തികേയൻ എന്ന് ആത്മാർത്ഥമായി ഞാൻ പറയട്ടെ. ഞാൻ മുമ്പും സൂചിപ്പിച്ചു, ഭരണഘടനയും നിയമങ്ങളുമെല്ലാം വിലയിരുത്തിക്കൊണ്ടും വിശകലനം ചെയ്തുകൊണ്ടും ഈ സഭയെ നയിച്ച ഒരാളായിരുന്നു ജി. കാർത്തികേയൻ. പക്ഷേ ഒരു സ്പീക്കർക്ക് ഭരണഘടനയും നിയമവും മാത്രംപോര. സഭയെ നിയന്ത്രിക്കണമെങ്കിൽ നല്ല നർമ്മബോധംകൂടി വേണം. ജി. കാർത്തികേയനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് നല്ല നർമ്മബോധമുണ്ടായിരുന്നു. അതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ വിജയത്തിന്റെ രഹസ്യം.

അതുപോലെതന്നെ നിയമസഭയുടെ ഉന്നതമായ dignity and decorum of the House കാത്തുസൂക്ഷിക്കുന്നതിൽ അദ്ദേഹം വളരെ ശ്രദ്ധേയനായിരുന്നു. അതിപ്രസരം വരുമ്പോൾ അദ്ദേഹം പറയും "ഇതൊക്കെ ലോകം മുഴുവൻ കാണുന്നുണ്ട്, ഇവിടെ നടക്കുന്ന കാര്യം ലോകം മുഴുവൻ കാണുന്നുണ്ടെന്ന കാര്യം നിങ്ങൾ വിസ്മരിക്കാൻ പാടില്ല" എന്ന്. നിയമസഭാ സാമാജികർക്ക് നല്ല പരിശീലനം കൊടുക്കുന്ന കാര്യത്തിൽ അദ്ദേഹം വളരെ തല്പരനായിരുന്നു. നമുക്കെല്ലാവർക്കുമറിയാം പല ട്രെയിനിംഗ് പരിപാടികൾ നടത്തി. അതുപോലെ നിയമസഭാ ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ നിലവാരവും കർമ്മശേഷിയും ഉയർത്തുന്ന കാര്യത്തിൽ അദ്ദേഹം നല്ല പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി എന്ന വസ്തുത ഞാൻ ഓർക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ടത് അദ്ദേഹം ഒരു സാംസ്കാരിക നായകനായിരുന്നു എന്നുള്ളതാണ്. സാംസ്കാരിക ലോകത്തിന് ഏറ്റവും വലിയ നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാട് കാരണമുണ്ടായത്. ഒരു നല്ല ചിന്തകൻ എന്ന നിലയിലും ഒരു ദാർശനികൻ

എന്നുള്ള നിലയിലും ഞാൻ അദ്ദേഹത്തെ കാണുകയാണ്. അദ്ദേഹത്തിന് ഒരു ഫിലോസഫി ഉണ്ടായിരുന്നു. എപ്പോഴും ഒരു മനുഷ്യനുണ്ടായിരിക്കേണ്ടത് ജീവിത ദർശനമാണ്. പല ആളുകൾക്കും ഒരു ലക്ഷ്യബോധമില്ല, ജീവിത ദർശനമില്ല. ഇന്ന് കൈമോശം വന്നുകൊണ്ടിരിക്കുന്ന ശൈഥില്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം അതാണ്. അദ്ദേഹം തത്വങ്ങളെയും ആദർശങ്ങളെയും സത്യത്തെയും മുറുകെപ്പിടിച്ചുകൊണ്ട് ഒരിക്കലും അതിൽ നിന്ന് വ്യതിചലിക്കാതെ ജീവിച്ച, ആ നിലയ്ക്ക് പ്രവർത്തിച്ച, ആ നിലയ്ക്ക് സഭയെ നയിച്ചു. ജി. കാർത്തികേയനെ നമുക്ക് വിസ്മരിക്കാൻ കഴിയുന്നതല്ല. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാൻ എന്റെ ദുഃഖം രേഖപ്പെടുത്തുകയാണ്. സ്പീക്കർക്ക് കോൺസ്റ്റിറ്റ്യുവൻസി ഇല്ലായെന്നാണ് പറയുന്നത്. Speaker has no constituency. But G. Karthikeyan had a constituency and he nurse it very well. എപ്പോഴും അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റ്യുവൻസിയെപ്പറ്റി ചിന്തിക്കും. ഞങ്ങൾ തമ്മിൽ നിയോജക മണ്ഡലങ്ങളെക്കുറിച്ച് നിരന്തരം നടത്തിയിട്ടുള്ള ചർച്ചകൾ ഞാൻ ഓർക്കുകയാണ്. നിയോജകമണ്ഡലത്തെ പരിപാലിക്കുന്ന കാര്യത്തിൽ അദ്ദേഹം വളരെ ഉത്സുകനായിരുന്നു. പൊതുജീവിതത്തിൽ സംശുദ്ധി കാത്തുസൂക്ഷിച്ച ഒരു നേതാവായിരുന്നു. ആ നിലയ്ക്കെല്ലാം മറ്റാളുകളിൽനിന്നും വ്യത്യസ്തനാക്കുന്ന പല സവിശേഷതകളും അദ്ദേഹത്തിനുണ്ടായിരുന്നു. പൊതുപ്രവർത്തകർക്കെല്ലാം മാർഗ്ഗദർശിയായിരുന്ന കാർത്തികേയന്റെ നിര്യാണത്തിലുള്ള എന്റേയും എന്റെ പാർട്ടിയുടെയും ദുഃഖം ഞാൻ ഇവിടെ പങ്കുവച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് : സർ, നമുക്കേവർക്കും ആദരണീയനായിരുന്ന സ്പീക്കർ ജി. കാർത്തികേയനെപ്പറ്റി അങ്ങും കക്ഷിനേതാക്കളും പറഞ്ഞ എല്ലാ വികാരങ്ങളോടും ഞാനും എന്റെ കക്ഷിയും പൂർണ്ണമായും യോജിപ്പ് പ്രകടിപ്പിക്കുകയാണ്. ഇവിടെ കക്ഷി നേതാക്കൾക്കുമാത്രമാണ് സംസാരിക്കാൻ അവസരമെങ്കിലും അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാ അംഗങ്ങൾക്കും വ്യക്തിപരമായി ജി. കാർത്തികേയനോട് നല്ല ബന്ധം പുലർത്തിയ നിരവധി അനുഭവങ്ങൾ പങ്കുവയ്ക്കാനുള്ളവരാണെന്ന് എനിക്ക് നല്ല ബോധ്യമുണ്ട്. ഇവിടെ സ്പീക്കർ എന്ന നിലയിലുള്ള പ്രവർത്തനത്തിൽ അദ്ദേഹം പൂർണ്ണ വിജയമായിരുന്നു എന്ന കാര്യത്തിൽ ആർക്കും രണ്ടുപക്ഷമില്ല. എടുത്തുകാണിക്കാവുന്ന സംഭവമെന്നുപറയുന്നത് ഈ സഭയുടെ ഉള്ളിൽനിന്ന് വാച്ച് ആന്റ് വാർഡിനെ പിൻവലിച്ചതാണ്. പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുമ്പോൾ കൂടുതൽ ഫോഴ്സിനെ ഇറക്കുകയെന്ന പരമ്പരാഗത രീതിവിട്ട് സങ്കീർണ്ണമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ മനുഷ്യ

ബന്ധങ്ങളിലൂടെയാണ് കൂടുതൽ കരുത്ത് കിട്ടുകയെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് പ്രവർത്തിച്ചതും എം.എൽ.എ.മാരിലും സഹപ്രവർത്തകരിലുമുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തെയാണ് വെളിപ്പെടുത്തുന്നത്. അധികാരത്തിന്റെ ബലത്തിലല്ല, മനുഷ്യബന്ധങ്ങളുടെ ഊഷ്മളതയിലാണ് കൂടുതൽ ശക്തി എന്നു കല്പിച്ചുനൽകി അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞ ഒരു സഭാദ്ധ്യക്ഷനായിരുന്നു ജി. കാർത്തികേയൻ. സർക്കാരിന്റെ ബിസിനസ്സ് നടത്തിക്കൊടുക്കുന്നതിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ല. ഒരു ഘട്ടത്തിൽ അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കുന്ന സമയത്ത് സഭയ്ക്കുള്ളിൽ ഭൂരിപക്ഷമുണ്ടോയെന്ന സംഗതി ഉയർന്നുവന്നപ്പോൾ സഭയിൽ അംഗങ്ങൾ ഹാജരാകാത്തതിലുള്ളൊരു രോഷം മുഖത്ത് പ്രകടമാക്കി എന്നാൽ സർക്കാരിനൊരു ബുദ്ധിമുട്ടുമുണ്ടാകാത്ത രീതിയിൽ അദ്ദേഹം പ്രവർത്തിച്ചത് എല്ലാവർക്കും അറിയാവുന്നതാണ്. ഗവൺമെന്റിന്റെ ബിസിനസ് നടത്തിക്കൊടുക്കുമ്പോഴും പ്രതിപക്ഷത്തിന്റെ ശബ്ദങ്ങൾ ഉന്നയിക്കപ്പെടാൻ അവസരങ്ങൾ ഉറപ്പാക്കിക്കൊടുത്ത ഒരു ജനാധിപത്യവാദിയായിരുന്നു ജി. കാർത്തികേയൻ എന്നത് നാമെല്ലാം സ്മരിക്കുകയാണ്. നടപടിക്രമങ്ങളെ സംബന്ധിച്ചോ മറ്റ് ഭരണഘടനാപരമായ സാങ്കേതിക വശങ്ങളെ സംബന്ധിച്ചോ പ്രശ്നങ്ങൾ ഉന്നയിച്ചാൽ അതിനെ അപ്രീഷ്യേറ്റ് ചെയ്യുന്ന, പുതിയ അംഗങ്ങൾക്ക് പരമാവധി പ്രോത്സാഹനം കൊടുത്ത, നമ്മുടെ നിയമസഭാ നടപടിക്രമങ്ങളിൽ ആധുനികവത്കരണത്തിന്റെ പാത തേടിപ്പോയ ഒരു സഭാദ്ധ്യക്ഷനായിരുന്നു ജി. കാർത്തികേയൻ. പരിശീലന പരിപാടി, ഗവേഷണം തുടങ്ങിയ നിരവധി കാര്യങ്ങളിൽ പുതിയ കാൽവെയ്പുകൾ അദ്ദേഹം നടപ്പാക്കി.

സഭയുടെ ഡെകോറം മെയിന്റയിൻ ചെയ്യുന്ന കാര്യത്തിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ അദ്ദേഹം ഇടപെട്ടിട്ടുണ്ട്. എഴുന്നേറ്റുനിന്ന് കൂട്ടംകൂടി സംസാരിക്കുമ്പോൾ എല്ലാവരും കാണുന്നുണ്ടെന്ന് പറയുമ്പോൾത്തന്നെ ചില ഘട്ടങ്ങളിൽ സീറ്റിൽ പോയി ഇരിക്കൂ എന്ന് പറയുകയും, അതിൽ സീനിയർ, ജൂനിയർ വ്യത്യാസമില്ലാതെ തന്നെ അദ്ദേഹം ഇടപെട്ടതും ഞാൻ സ്മരിക്കുകയാണ്. സ്പീക്കറായ ജി. കാർത്തികേയനെ മാത്രമല്ല ഇനി കേരളം അനുസ്മരിക്കുക; ദീർഘനാളത്തെ പൊതുപ്രവർത്തനത്തിൽ ത്യാഗത്തിന്റെയും സഹനത്തിന്റെയും പാതയിലൂടെയാണ് ജി. കാർത്തികേയൻ സഞ്ചരിച്ചത്. പലപ്പോഴും അദ്ദേഹം എടുത്ത നിലപാടുകൾ, ആ നിലപാട് എടുക്കുന്ന സമയത്ത് സുരക്ഷിതമായിരുന്നോ എന്ന് പലരും സന്ദേഹിച്ചിട്ടുണ്ട്. അടിയന്തരാവസ്ഥക്കാലത്തിനുശേഷം ഇന്ദിരാഗാന്ധിക്കൊപ്പം നിൽക്കുന്നത് സുരക്ഷിതമാണോയെന്ന സന്ദേഹമുണ്ടായപ്പോൾ, ഇന്ദിരാഗാന്ധിയോടൊപ്പം നിന്ന നിരവധിയാളുകൾ അവരിൽ നിന്നകന്ന് ഏറ്റവും

കടുത്ത ഭാഷയിൽ അവരെ ആക്രമിക്കുകയും വിമർശിക്കുകയും ചെയ്തപ്പോൾ, ലീഡർ കെ. കരുണാകരനോടൊപ്പം ഇന്ദിരാഗാന്ധിയുടെ പിന്നിൽ ഉറച്ചുനിൽക്കാനുള്ള അദ്ദേഹത്തിന്റെ തീരുമാനം പ്രായോഗികമായി സുരക്ഷിതമായിരുന്നോ എന്ന് അന്നത്തെ സാഹചര്യത്തിൽ സന്ദേഹമുണ്ടായിരുന്നു. പിന്നീടും, കോൺഗ്രസിൽ പ്രസിഡന്റായിരിക്കുമ്പോൾ അത്ര പ്രായോഗികമായി കരുതാനാവില്ലെങ്കിലും ഏകകക്ഷി ഭരണമെന്ന അദ്ദേഹത്തിന്റെ ആശയം ഒരു സാഹസികമായ നിലപാടായിരുന്നു. കോൺഗ്രസിൽ ചില തിരുത്തലുകൾ ആവശ്യമുണ്ടെന്ന് കണ്ടപ്പോൾ തിരുത്തൽ വാദത്തിന് നേതൃത്വം കൊടുത്തതും നിലപാടുകളിലെ വ്യക്തതയും പ്രായോഗികമായി തനിക്ക് ചില നഷ്ടങ്ങളുണ്ടായേക്കാമെന്ന തിരിച്ചറിവോടുകൂടിത്തന്നെ എടുത്ത നിലപാടും സാഹസികമായതാണ്. സ്പീക്കർ എന്ന നിലയിൽ ഈ സഭയ്ക്കുവേണ്ടി അദ്ദേഹം അർപ്പിച്ച സേവനത്തോടൊപ്പംതന്നെ പൊതുപ്രവർത്തന രംഗത്ത് നിലപാടുകൾ സുവ്യക്തമാക്കി മുന്നേറിയ കാർത്തികേയൻ എന്ന പൊതുപ്രവർത്തകനെ കേരള സമൂഹം എന്നും ഓർമ്മിക്കുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. പ്രചരണപരമായ കോലാഹലങ്ങളിൽ അദ്ദേഹം വിശ്വസിച്ചിരുന്നില്ല. ഗുണപരമായ രാഷ്ട്രീയത്തിനു വേണ്ടിയാണ് എന്നും അദ്ദേഹം നിലനിന്നിട്ടുള്ളത്. കാർത്തികേയനെന്ന വ്യക്തി എല്ലാവരും അംഗീകരിക്കുന്ന, മാന്യതയുടെ പര്യായമായിരുന്നു, ആദർശ ശുദ്ധിയുടെ ഒരു ആൾരൂപമായിരുന്നു. രാഷ്ട്രീയത്തെ പരിപൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് സത്യസന്ധതയുടെ പാതയിൽ മുന്നോട്ടുപോയ കാർത്തികേയന്റെ പൊതുപ്രവർത്തനവും വ്യക്തിജീവിതവും ഈ കാലഘട്ടത്തിലെ എല്ലാ പൊതുപ്രവർത്തകർക്കും മാതൃകയാണെന്നാണ് എന്റെ വിശ്വാസം. കപ്പിനും ചുണ്ടിനുമിടയിൽ ചില സ്ഥാനമാനങ്ങൾ നഷ്ടപ്പെട്ടപ്പോൾ ഒരിക്കലും അദ്ദേഹം പരസ്യമായ ഒരു വിമർശനത്തിനോ ആത്മരോദനത്തിനോ തയ്യാറായില്ല. പല ആളുകളോടും അദ്ദേഹം ഷെയർ ചെയ്തിട്ടുണ്ടാകാം. അദ്ദേഹം പറയാറുണ്ട്, ഒരു രാഷ്ട്രീയ പ്രവർത്തകൻ ഒരിക്കലും മുകളിലേക്ക് നോക്കരുത്. മുകളിലേക്ക് നോക്കിയാൽ തന്റെ മുകളിൽ തന്നെക്കാൾ അനർഹരായ ആളുകൾ കയറിയിരിക്കുന്നത് കാണാം. പക്ഷെ താഴേക്ക് നോക്കണം. തന്നെക്കാൾ അർഹരായ ആളുകൾ തന്റെ താഴെയുണ്ടെന്ന തിരിച്ചറിവിൽ ഉള്ള സ്ഥാനത്ത് സംതൃപ്തിയോടുകൂടി ജോലി ചെയ്യണമെന്ന ആശയം അദ്ദേഹം പലപ്പോഴും പലരുമായും പങ്കുവച്ചിട്ടുണ്ട്. ലഭിച്ച സ്ഥാനമാനങ്ങൾ വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി ദുരുപയോഗം ചെയ്യാതെ പൊതുനന്മയ്ക്കുവേണ്ടി അങ്ങേയറ്റം യത്നിക്കാനുള്ള അവസരമായിക്കണ്ട ഒരു മാതൃകാ പൊതുപ്രവർത്തകനെയും

നിയമസഭയ്ക്ക് ഏറ്റവും ഉന്നതമായ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ഒരു സഭാദ്ധ്യക്ഷനെയുമാണ് നമുക്ക് നഷ്ടമായത്. ഉന്നതമായി അദ്ദേഹം കാട്ടിയ മൂല്യങ്ങൾ തുടരുകയെന്ന ഉത്തരവാദിത്വം നമുക്ക് നിറവേറ്റേണ്ടതായിട്ടുണ്ട്. ജി. കാർത്തികേയന്റെ അകാല നിര്യാണത്തിൽ ഞാനും എന്റെ കക്ഷിയും എല്ലാ ദുഃഖവും രേഖപ്പെടുത്തുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): സർ, വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളിലൂടെ രാഷ്ട്രീയത്തിൽ ശക്തമായ നിലപാടുകളോടെ മുന്നോട്ട് പോകുകയും തന്റെ രാഷ്ട്രീയ ജീവിതത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും ജനാധിപത്യ രീതിയിലായിരിക്കണമെന്ന നിഷ്കർഷയോടുകൂടി പ്രവർത്തിക്കുകയും രാഷ്ട്രീയത്തിൽ ഉന്നതസ്ഥാനത്ത് നിൽക്കുകയും ചെയ്ത കേരള നിയമസഭയുടെ സ്പീക്കർ ജി. കാർത്തികേയന്റെ നിയമസഭാ സാമാജികരോടുള്ള സമീപനം വളരെയധികം വ്യത്യസ്തമാണെന്ന് മാത്രമല്ല, നിയമസഭാ സാമാജികരെ സ്വന്തം സഹോദരതുല്യം സ്നേഹിച്ചുകൊണ്ട് അവരിൽ എന്തെങ്കിലും തെറ്റുകൾ കാണുമ്പോൾ അത് ചൂണ്ടിക്കാണിക്കുകയും നേർവഴിക്കുവരുവാനും നിയമസഭയിൽ എങ്ങനെ പെരുമാറണമെന്നതിനെക്കുറിച്ച് അവബോധം ഉണ്ടാക്കിക്കൊടുക്കാനും സാധിച്ച നിയമസഭയുടെ സ്പീക്കറായിട്ടാണ് അദ്ദേഹത്തെ കാണുന്നത്. പ്രവൃത്തിയിലും വാക്കുകളിലുമെല്ലാം സൗമ്യത നിറഞ്ഞുനിന്ന് സ്വന്തം സഹോദരനെപ്പോലെകണ്ട് ഒരുപാട് കാര്യങ്ങൾ സംസാരിക്കാൻ കഴിയുക എന്നത് അദ്ദേഹത്തിന്റെ മാത്രം സ്വഭാവമാണ്. നിയമസഭ നടക്കുന്ന സമയങ്ങളിൽ അദ്ദേഹത്തിന്റെ ചേംബറിൽ ചെന്നാൽ അദ്ദേഹം സ്വീകരിക്കുന്നത് ഒരു പ്രത്യേക രീതിയിലാണ്. നിയമസഭയുടെ കാര്യങ്ങളെക്കാൾ കൂടുതലായി വ്യക്തികാര്യങ്ങളും പൊതുകാര്യങ്ങളുമൊക്കെത്തന്നെ സംസാരിച്ച് വല്ലാത്ത ഒരു ബന്ധമാണ് നമ്മളെല്ലാവരുമായി ഉണ്ടാക്കിയിട്ടുള്ളത്. അത് മറ്റ് സ്പീക്കർമാരിൽ നിന്നെല്ലാംതന്നെ വ്യത്യസ്തമായി കാണാൻ നമുക്ക് സാധിക്കും. ചിലർ മരണത്തോടെ അവസാനിക്കും. എന്നാൽ ചിലർ ജീവിതത്തിൽ ചെയ്ത നന്മകളും സത്പ്രവൃത്തികളുംകൊണ്ട് കാലത്തിന്റെ മറവികളെ അതിജീവിക്കും. നന്മയും സത്കർമ്മങ്ങളുംകൊണ്ട് രാഷ്ട്രീയത്തിലും നിയമസഭാ ചരിത്രത്തിലും എന്നും കാലത്തിന്റെ മറവികളെ അതിജീവിക്കുന്ന ജനനായകനായി ജി. കാർത്തികേയൻ മാറും. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് അദ്ദേഹത്തിന്റെ കുടുംബത്തോട് ഞാനും എന്റെ പാർട്ടിയും ദുഃഖം രേഖപ്പെടുത്തുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അകാലത്തിൽ നമ്മെയെല്ലാം വല്ലാതെ വേദനിപ്പിച്ചുകൊണ്ട് വിട്ടുപിരിഞ്ഞുപോയ നമ്മുടെ പ്രിയപ്പെട്ട സ്പീക്കർ ജി. കാർത്തികേയന്റെ നിര്യാണത്തിൽ അങ്ങും കക്ഷിനേതാക്കളും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായപ്രകടനങ്ങളെ ഞാൻ അടിവരയിടുകയാണ്. എന്നെ സംബന്ധിച്ചിട ത്തോളം 10-40 വർഷമായി എന്നെ അറിയുകയും ഞാൻ അറിയുകയും ചെയ്യുന്ന ഒരു ഉത്തമ സഹപ്രവർത്തകന്റെ വേർപാടാണ് ഏറ്റവും വേദനാജനകമായി അനുഭവപ്പെടുന്നത്. ഞങ്ങളെല്ലാം വിദ്യാർത്ഥി-യുവജന പ്രസ്ഥാനത്തിലൂടെ പൊതുജീവിതം നടത്തിയവരാണ്. 1967-68 കാലഘട്ടത്തിൽ കൊല്ലം എസ്.എൻ. കോളേജിലെയും വർക്കലയിലെയും വിദ്യാർത്ഥി-യുവജന പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തന വേദികളിൽ വച്ചാണ് ഇവിടെയുള്ള മറ്റ് പലരെയുംപോലെ ഞാനും ജി. കാർത്തികേയനുമായുള്ള ബന്ധം ആരംഭിക്കുന്നത്. അവിടം മുതൽ ഈ ദിവസം വരെ അദ്ദേഹവുമായുള്ള ബന്ധത്തിലെ അനുഭവങ്ങൾ പങ്കുവയ്ക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുന്നില്ല. എന്നാൽ ഒരു സുഹൃത്ത് എന്ന നിലയിൽ ഇവിടെ പലരും പ്രകടിപ്പിച്ചതുപോലെ ഞങ്ങൾ സഹോദരതുല്യമായ ബന്ധമാണ് പുലർത്തിപ്പോന്നിട്ടുള്ളത്. രാഷ്ട്രീയ പ്രവർത്തനത്തിൽ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളെയും അഭിപ്രായങ്ങളെയും വളരെ താത്പര്യത്തോടുകൂടി ശ്രദ്ധിച്ച ഒരാളാണ് ഞാൻ. പക്ഷേ, 1975-1979 കാലഘട്ടങ്ങളിൽ പ്രത്യേകിച്ചും 1978-79 കാലഘട്ടത്തിൽ അദ്ദേഹം നാളിതുവരെ സ്വീകരിച്ചുപോന്ന രാഷ്ട്രീയ അഭിപ്രായ പ്രകടനങ്ങളുടെ പാതയിൽ നിന്നും മാറിയോ എന്ന സന്ദേഹം തോന്നത്തക്കവിധത്തിലാണ് അദ്ദേഹം പ്രവർത്തിച്ചത്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ അത്തരം അഭിപ്രായ പ്രകടനങ്ങളുടെയും വിയോജിപ്പുകളുടെയും മുൻനിരയിൽ നിന്നുകൊണ്ട് പാർട്ടിക്കകത്ത് പുതിയ രാഷ്ട്രീയ സമവാക്യം സൃഷ്ടിക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന കാർത്തികേയനെയും നാം കാണുകയുണ്ടായി. ഇത് രണ്ടിലെയും വൈരുദ്ധ്യം എന്നെ എപ്പോഴും അത്ഭുതപ്പെടുത്തുകയും ഉത്തരം കിട്ടാത്ത സമസ്യയായി അവശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജി. കാർത്തികേയന്റെ പിൽക്കാലത്തെ രാഷ്ട്രീയ പ്രവർത്തനം ആ ചോദ്യത്തെ വീണ്ടും വീണ്ടും അടിവരയിടുന്ന വിധത്തിലായിരുന്നുവെന്നും ഞാൻ നിരീക്ഷിക്കുകയാണ്. തികഞ്ഞ ജനാധിപത്യവാദിയായ ജി. കാർത്തികേയൻ ചുരുങ്ങിയ കാലഘട്ടങ്ങളിൽ ആ പാതയിൽ നിന്ന് മാറേണ്ടിവന്നിട്ടുണ്ടോയെന്നതായിരുന്നു എന്റെ സംശയം.

സ്പീക്കർ എന്ന നിലയിൽ അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ

സവിശേഷതകൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പല സ്പീക്കർമാർ ഇരുന്ന സഭയിൽ അംഗമായിരിക്കാൻ അവസരം ലഭിച്ചിട്ടുള്ളയാളാണ് ഞാൻ. എന്നാൽ ഈ സഭയിൽ നാളിതുവരെ ശക്ധർ ആന്റ് കൗൾ എന്ന പുസ്തകം ഉദ്ധരിക്കാത്ത ഏക സ്പീക്കർ ഒരുപക്ഷേ ജി. കാർത്തികേയനായിരിക്കും എന്നെനിക്ക് തോന്നുകയാണ്. നിയമത്തിന്റെ ചാട്ടവാറുപയോഗിച്ചല്ല സൗമ്യതകൊണ്ടും ഉന്നത ജനാധിപത്യ ബോധംകൊണ്ടും സഭയെ നിയന്ത്രിക്കാൻ ശ്രമിച്ച സ്പീക്കർ എന്നാണ് ഇവിടെയുള്ളവർ അദ്ദേഹത്തെ വിശേഷിപ്പിച്ചത്. ആ വിശേഷണം അദ്ദേഹം അർഹിക്കുന്നത് തന്നെയാണെന്നാണ് എനിക്ക് തോന്നുന്നത്. നമുക്ക് നഷ്ടപ്പെട്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സൗമ്യഭാവമുള്ള ഒരു പൊതുപ്രവർത്തകനെയാണ്. ഉന്നത ജനാധിപത്യ ബോധമുള്ള ഒരു രാഷ്ട്രീയ പ്രവർത്തകനെയാണ്, നിയമസഭാ നടപടികളെ മാതൃകാപരമായി നിയന്ത്രിക്കുകയും പുതിയ പരിഷ്കാരങ്ങൾ നടപ്പിൽവരുത്തുകയും ചെയ്ത മാതൃകാ സ്പീക്കറെയാണ്, എല്ലാറ്റിനുമുപരി മനുഷ്യസ്നേഹിയായ ഒരു രാഷ്ട്രീയ പ്രവർത്തകനെയാണ് നഷ്ടപ്പെട്ടത്. ഇന്നത്തെ കാലഘട്ടത്തിൽ സംശുദ്ധമായ പൊതുജീവിതം ഒരു പ്രഹേളികയായി മാറിയ സാഹചര്യത്തിൽ രാഷ്ട്രീയ പ്രവർത്തനത്തിൽ വിശുദ്ധിയും സംശുദ്ധിയും ആവശ്യമാണെന്ന് എല്ലാ കാലത്തും ഓരോ നിമിഷവും നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് ജി. കാർത്തികേയൻ അദ്ദേഹത്തിന്റെ പൊതുജീവിതം അവസാനിപ്പിച്ചത്. ഈ കാലഘട്ടത്തിൽ ജി. കാർത്തികേയൻ ഉയർത്തിപ്പിടിച്ച ജീവിത വിശുദ്ധിയുടെ സന്ദേശം ഉൾക്കൊള്ളാൻ നമുക്ക് കഴിയുമെങ്കിൽ എന്നാശിച്ചുകൊണ്ട് അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖിക്കുന്ന ബന്ധുക്കളോടും സുഹൃത്തുക്കളോടും സഹപ്രവർത്തകരോടും എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എ. എ. അസീസ്</u> : സർ, അന്തരിച്ച ജി. കാർത്തികേയൻ സ്പീക്കർ എന്നതിനുപരി ഒരു ഉത്തമനായ രാഷ്ട്രീയ പ്രവർത്തകനായിരുന്നു. രാഷ്ട്രീയ സാമൂഹ്യ രംഗത്ത് പ്രവർത്തിക്കുന്ന പൊതുപ്രവർത്തകൻ സ്വീകരിക്കേണ്ട എല്ലാ മാനദണ്ഡങ്ങളും എല്ലാ മൂല്യങ്ങളും ഉയർത്തിപ്പിടിച്ച് പ്രവർത്തിച്ച ഒരാളായിരുന്നു ജി. കാർത്തികേയൻ. അതാണ് ജി. കാർത്തികേയനുള്ള പ്രത്യേകത. സ്പീക്കർ പദവിയിലിരുന്നപ്പോൾ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചൊക്കെ ഇവിടെ വിശദീകരിച്ചു. ഭരണപക്ഷത്തിന്റെ ബിസിനസ്സ് നടത്തിക്കൊടുക്കുവാൻ സ്പീക്കർ ബാദ്ധ്യസ്ഥനാണ്. എന്നാൽ പ്രതിപക്ഷത്തെ പ്രകോപിതരാക്കാതെ

അവരെ സമന്വയിപ്പിച്ച് ഇരുകൂട്ടരെയും യോജിപ്പിച്ച് തീരുമാനമെടുക്കാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും അത് വിജയപ്രദമാക്കുകയും ചെയ്തയാളാണ് ജി. കാർത്തികേയൻ. അദ്ദേഹം ഒരു ജനപ്രിയ നേതാവായിരുന്നു. ഒരു സാധാരണക്കാരനായി ജീവിതം ആരംഭിച്ച് സ്പീക്കറായി, രണ്ടുപ്രാവശ്യം മന്ത്രിയായി. സ്പീക്കറായതിനുശേഷവും അദ്ദേഹത്തിന്റെ ജീവിതശൈലി ഒരു സാധാരണക്കാരന്റേത് തന്നെയായിരുന്നു. 1991 മുതൽ നാലു പ്രാവശ്യം ആര്യനാട് നിയോജക മണ്ഡലത്തിൽ മത്സരിക്കുമ്പോഴും അഞ്ചാമത് അരുവിക്കര മണ്ഡലത്തിൽ മത്സരിക്കുമ്പോഴും, ആര്യനാട് മണ്ഡലത്തോട് കൂട്ടിച്ചേർത്തതാണ് അരുവിക്കര മണ്ഡലം, പുതിയ മണ്ഡലം എന്നുപറയുന്നത് ഒരു കൂട്ടിച്ചേർക്കൽ മാത്രമേയുള്ളൂ; അഞ്ചുപ്രാവശ്യം ജി. കാർത്തികേയനെതിരായി എൽ.ഡി.എഫ്-ന്റെ സ്ഥാനാർത്ഥിയായി മത്സരിച്ചത് ആർ.എസ്.പി.യാണ്, എന്റെ നേതാക്കൻമാരാണ്. കെ. പങ്കജാക്ഷൻ മൂന്നുപ്രാവശ്യം എം.എൽ.എ.യായിരുന്ന നിയോജകമണ്ഡലത്തിലാണ് യഥാർത്ഥത്തിൽ കാർത്തികേയൻ 1991-ൽ സ്ഥാനാർത്ഥിയാകുന്നത്. 1991-ൽ ജി. കാർത്തികേയൻ വിജയിച്ചു. അന്നുമുതൽ അവിടുത്തെ സാധാരണക്കാരുമായും എല്ലാ ഭവനങ്ങളുമായുള്ള ബന്ധം, ദു:ഖമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കൽ അവർക്ക് ഏത് വിധത്തിലുള്ള സഹായമാവശ്യമാണോ ആ തരത്തിലുള്ള സഹായങ്ങൾ കണ്ടെത്താൻ ജി. കാർത്തികേയൻ നടത്തിയ പരിശ്രമത്തിന്റെ ഫലമായി തുടർച്ചയായി വീണ്ടും നാലുപ്രാവശ്യം വിജയിച്ചു. എല്ലാ പ്രാവശ്യവും എന്റെ പാർട്ടിയുടെ നേതാക്കൻമാർ തന്നെയാണ് മത്സരിക്കുകയും പരാജയപ്പെടുകയും ചെയ്തത്. യഥാർത്ഥത്തിൽ ജി. കാർത്തികേയൻ തുടർച്ചയായി നടത്തിയ ജനസേവനത്തിന്റെ ഭാഗമായാണ് സ്ഥിരമായി വിജയിക്കാൻ സാധിച്ചത്. അദ്ദേഹത്തിന്റെ സൗമ്യത, നേരത്തെ സൂചിപ്പിച്ചതുപോലെ പാവങ്ങളോടുള്ള കരുണ ഇതെല്ലാം ഭരണാധികാരിയെന്ന തിനപ്പുറമായി ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകനായി അദ്ദേഹം പ്രവർത്തിച്ചതിന്റെ ഫലമായാണ്. അതാണ് ജി. കാർത്തികേയനെ സംബന്ധിച്ചിട ത്തോളം ഞാൻ കാണുന്ന ഏറ്റവും വലിയ മാന്യത. ഇന്ന് അധികാരസ്ഥാന ത്തെത്തുന്ന ആളുകളുടെ ജാടയൊന്നും കാർത്തികേയനില്ലായിരുന്നു. അദ്ദേഹം ഭക്ഷ്യവകുപ്പുമന്ത്രിയായും വൈദ്യുതി വകുപ്പുമന്ത്രിയായും സ്പീക്കറായും പ്രവർത്തിച്ചു. അദ്ദേഹം ഒരു സാധാരണക്കാരനായി തന്നെയാണ് പ്രവർത്തിച്ചത്. ഞങ്ങൾ മത്സരിച്ച മണ്ഡലത്തിൽ മത്സരിച്ച ആളെന്ന നിലയിൽ എനിക്ക് നേരിട്ടറിയാം. അദ്ദേഹത്തിന്റെ പെരുമാറ്റം, പ്രവൃത്തി എന്നിവയുടെ ഫലമായിട്ടാണ് അദ്ദേഹത്തെ

ഒരുനോക്കുകാണാൻ ഇന്നും ഇന്നലെയുമായി ആയിരങ്ങൾ തടിച്ചുകൂടിയത്. സ്വന്തം മണ്ഡലത്തിലും തിരുവനന്തപുരത്തും സ്വന്തം വസതിയിലും ആയിരങ്ങൾ തടിച്ചുകൂടിയത് അദ്ദേഹത്തോടുള്ള ബഹുമാനമാണ്, ആദരവാണ്. അന്തരിച്ച ജി. കാർത്തികേയന്റെ പാവന സ്മരണയ്ക്കുമുന്നിൽ റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രതിനിധിയെന്ന നിലയിൽ ഞാനും ദുഃഖം രേഖപ്പെടുത്തുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ബഹുമാനപ്പെട്ട കാർത്തികേയൻ സാറിന്റെ നിര്യാണത്തിൽ അദ്ദേഹത്തിന്റെ വേർപാടിലുള്ള ദു:ഖം നമ്മൾ ഓരോരുത്തരും ഇവിടെ പങ്കുവയ്ക്കുകയാണ്. നമ്മളിൽ പലർക്കും ഓരോ തരത്തിൽ അദ്ദേഹം സമീപസ്ഥനായിരുന്നുവെന്നത് ഒരു വസ്തുതയാണ്. ചിലർക്ക് അദ്ദേഹം ഒരു സഹോദരനായും മറ്റു ചിലർക്ക് നല്ലൊരു സുഹൃത്തായും വേറെ പലർക്കും പിതൃതുല്യനായും അങ്ങനെ ഓരോ തലത്തിൽ നമുക്ക് അദ്ദേഹത്തെ സമീപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ സൗമ്യമായ പെരുമാറ്റം ആരെയും ആകർഷിക്കുന്ന ഒന്നുതന്നെയാണ്. ഏറ്റവും താഴെത്തട്ടിൽ നിന്ന് പ്രവർത്തിച്ച് വിവിധ സ്ഥാനങ്ങളിലേയ്ക്ക് പടിപടിയായി കടന്നുവന്ന ഒരു നേതാവായിരുന്നു അദ്ദേഹം. കെ.എസ്.യു. എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ യൂണിറ്റ് പ്രസിഡന്റായി അദ്ദേഹം പ്രവർത്തനം ആരംഭിച്ച് അതിന്റെ സംസ്ഥാന അദ്ധ്യക്ഷ പദവി വരെ എത്തി. ഓരോ മേഖലയിലേയ്ക്കും കടന്നുവന്നപ്പോൾ ജനങ്ങളെ മനസ്സിലാക്കി ജനങ്ങളുടെ വികാരത്തെ ഉൾക്കൊണ്ടുകൊണ്ട് നീങ്ങുവാൻ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ ജീവിത വിജയത്തിന്റെ രഹസ്യമെന്നത് ഒരു വലിയ യഥാർത്ഥ്യമാണ്. അവസാന നിമിഷം വരെ കർമ്മനിരതമായിരുന്നു ആ ജീവിതം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ രോഗ ശയ്യയിലായിട്ടുപോലും പൊതുപരിപാടികളിൽ പങ്കെടുക്കുവാൻ അദ്ദേഹം സമയം കണ്ടെത്തി. അദ്ദേഹത്തിന്റെ എല്ലാമെല്ലാമായ ജനങ്ങളോടൊപ്പം നിൽക്കുവാൻ അദ്ദേഹത്തിന്റെ മനസ്സ് ഏറെ ആഗ്രഹിച്ചിരുന്നു. ഒരിക്കലും ഒരു രോഗിയായി അദ്ദേഹം സ്വയം കണ്ടിരുന്നില്ല. മുഴുവൻ സമയവും ജനങ്ങളോടൊപ്പം നിന്ന് പ്രവർത്തിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. അഗാധമായ വായനയാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ കരുത്ത്. വായനയെന്ന സംസ്കാരത്തെ വളർത്തിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. പുതിയ തലമുറയ്ക്ക് മാതൃകയാക്കുവാൻ കഴിയുന്ന അദ്ദേഹത്തിന്റെ ഏറ്റവും വലിയ സ്വഭാവഗുണങ്ങളിലൊന്ന് ആ വായന തന്നെയാണ്. കുട്ടികൾ ക്ലാസ്സിൽ

അച്ചടക്കത്തോടെ ഇരിക്കണമെന്ന് നല്ലൊരു അദ്ധ്യാപകൻ ആഗ്രഹിക്കും. നമ്മുടെയൊക്കെ വിദ്യാർത്ഥി കാലഘട്ടത്തിൽ ഒരിക്കലും മറക്കാത്ത ഒരു അദ്ധ്യാപകനുണ്ടാകും. ഉത്തരം തെറ്റിച്ചാൽ നമ്മുടെ ചെവിക്ക് പിടിക്കുന്ന, സംസാരിച്ചാൽ ചൂരലിന്റെ ചൂട് നമ്മളെ അറിയിച്ച ആ അദ്ധ്യാപകനെ നമ്മളൊരിക്കലും മറക്കില്ല. നമ്മൾ ജീവിതത്തിന്റെ ഏത് തലങ്ങളിലേയ്ക്ക് ഉയർന്നാലും അവർ നമ്മുടെ ജീവിതത്തിൽ വല്ലാത്തൊരു സ്വാധീനം ചെലുത്തും. നമ്മൾ ഏറ്റവും അധികം സ്നേഹിക്കുന്നത് അത്തരത്തിലുള്ള വ്യക്തികളെയാണ്. നമ്മുടെ നന്മ മാത്രം ആഗ്രഹിച്ച അത്തരത്തിലുള്ള അദ്ധ്യാപകരെയാണ്. ബഹുമാനപ്പെട്ട 'ജി.കെ.' ആ ഗണത്തിൽപ്പെടും. അദ്ദേഹം ഈ സഭയെ അത്രമാത്രം സ്നേഹിച്ചിരുന്നു. പലരേയും അദ്ദേഹം പേരെടുത്ത് ശാസിച്ചിരുന്നു, അലസമായി നിന്നാൽ, സംസാരിച്ചിരുന്നാൽ പലരേയും അദ്ദേഹം പേരെടുത്ത് ശാസിക്കുന്നത് നമ്മൾ കേട്ടിരുന്നു. അദ്ദേഹം ഈ ചെയറിലിരുന്നുകൊണ്ട് രോഷം പ്രകടിപ്പിച്ചിട്ടുണ്ട്. കർക്കശസ്വഭാവത്തോടെ സമീപിക്കുമ്പോഴും വലിയൊരു മനസ്സ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. നിയമത്തിന്റെ ചട്ടക്കൂടുകളല്ല, സൗമ്യതയോടെ എല്ലാവരെയും നിയന്ത്രിക്കാൻ കഴിയണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അത് പല സന്ദർഭങ്ങളിലും വെളിവായിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്മരണകൾ നമുക്കെന്നും പ്രചോദനമായിരിക്കും. ആ ദീപ്ത സ്മരണകൾക്കു മുൻപിൽ ഞാൻ ശിരസ്സു നമിക്കുന്നു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഞാൻ പങ്കുകൊള്ളുന്നു. എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനം ഇവിടെ രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കഴിഞ്ഞ ശനിയാഴ്ച വരെ ഈ സഭയുടെ നാഥനായിരുന്ന ജി. കാർത്തികേയൻ ഇന്ന് നമ്മളോടൊപ്പമില്ല എന്നാലോചിക്കുമ്പോൾ നമുക്ക് വിശ്വസിക്കുവാൻ കഴിയുന്നില്ല. അദ്ദേഹം ഒരു നീതിമാനായ സ്പീക്കറും കഴിവുറ്റ ഒരു പൊതു പ്രവർത്തകനുമായിരുന്നു. അദ്ദേഹം ഈ സഭയിൽ വാച്ച് ആന്റ് വാർഡിനെ ഒഴിവാക്കിയതിനെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. തന്റെ സഹപ്രവർത്തകരോടുള്ള സ്നേഹവും വിശ്വാസവും, തന്റെ സഹപ്രവർത്തകർ തന്റെ ശത്രുവല്ല, മിത്രങ്ങളാണ്, സഹോദരങ്ങളാണ് എന്നു വിശ്വസിക്കുവാനുള്ള മനസ്സായിരിക്കാം അത്തരത്തിലുള്ള ഒരു ശക്തമായ തീരുമാനമെടുക്കാൻ അദ്ദേഹത്തെ പ്രോൽസാഹിപ്പിച്ചത്. അദ്ദേഹത്തിന്റെ വേർപാടിലൂടെ കേരള രാഷ്ട്രീയത്തിനും ഇന്ത്യൻ രാഷ്ട്രീയത്തിനും ഒരു കരുത്തുറ്റ നേതാവിനെ നഷ്ടപ്പെട്ടു എന്നതുപോലെ, എന്നെ സംബന്ധിച്ച് ഒരു ജ്യേഷ്ഠ സഹോദരന്റെ

നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാട്. മറ്റുള്ളവരുടെ ദുഃഖം കണ്ണുനീരാകുമ്പോൾ അത് തുടയ്ക്കുവാനും തോളിൽ തട്ടി ആശ്വസിപ്പിക്കുന്നതിനപ്പുറത്തേക്ക് ആ വിഷയം കേട്ട് അതിന് ആശ്വാസ വാക്കുകൾ പകരാനും കഴിയുന്ന ഒരു മനസ്സ്, അതായിരുന്നു ജി. കാർത്തികേയന്റെ പ്രത്യേകത. ഒരു നല്ല സാംസ്കാരിക വകുപ്പുമന്ത്രി, സാംസ്കാരിക രംഗത്ത് ബൗദ്ധികമായി വളരെ ഉന്നതി കൈവരിച്ച, സാംസ്കാരിക നായകൻമാരോട് സ്നേഹത്തോടെ ഇടപെട്ട് അവരെ ഒരു നൂലിൽ കോർത്ത മുത്തുമാലപോലെ കൊണ്ടുനടന്ന കേരളത്തിലെ അപൂർവ്വം സാംസ്കാരിക മന്ത്രിമാരിൽ ഒരാളായിരുന്നു ജി. കാർത്തികേയൻ. അദ്ദേഹം സാംസ്കാരിക രംഗത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ, അദ്ദേഹം ചെയ്ത നല്ല കാര്യങ്ങൾ ഇന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം യാത്ര ചെയ്താൽ മനസ്സിലാകും. അതുപോലെതന്നെയാണ് അദ്ദേഹത്തിന്റെ ഉള്ളിലുള്ള ആസ്വാദകൻ, അത് കലയായാലും സിനിമയായാലും സാഹിത്യമായാലും. അദ്ദേഹത്തോട് ഈ അടുത്ത കാലത്ത് ഇറങ്ങിയ ഏത് ബുക്കാണ് വായിക്കാൻ നല്ലതെന്നു ചോദിച്ചാൽ ഇന്ന വ്യക്തി എഴുതിയ ബുക്ക് വളരെ നല്ലതാണ്, അതിൽ ഇന്ന കുറവുകളുണ്ട്, ഇന്ന മൂല്യങ്ങളുണ്ട് എന്ന് കൃത്യമായി പറയും. അതുപോലെതന്നെയാണ് സിനിമ, മലയാളത്തിലിറങ്ങുന്ന നല്ല സിനിമകളെല്ലാം കാണുകയും ഒരു പൊതുപ്രവർത്തകൻ, സ്പീക്കർ, രാഷ്ട്രീയ നേതാവ് എന്നതിലുപരി വിമർശിക്കപ്പെടേണ്ടതിനെ ഒരു വിമർശകനെപ്പോലെ ശക്തമായ ഭാഷയിൽ വിമർശിക്കുവാനും അദ്ദേഹം തയ്യാറായിട്ടുണ്ട്. അദ്ദേഹത്തിന്റെ ആദർശങ്ങളെക്കുറിച്ച് പലപ്പോഴും ഞാൻ ആലോചിച്ചിട്ടുണ്ട്. ആദർശം പലപ്പോഴും നമ്മൾ അനുകരിക്കപ്പെടാറുണ്ട്. മറ്റൊരാളുടെ ആദർശ ജീവിതം നമ്മളെ അനുകരിക്കുവാൻ പ്രോൽസാഹിപ്പിക്കാറുണ്ട്. ജി. കാർത്തികേയനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ആദർശം അദ്ദേഹത്തിന്റേത് തന്നെയാണ്. ആരേയും അനുകരിക്കുന്ന ആദർശമല്ല അത്. അദ്ദേഹത്തിന്റെ തന്നെ മനസ്സിൽ രൂപപ്പെടുത്തിയ ആദർശവും രാഷ്ട്രീയ ജീവിതശൈലിയും അദ്ദേഹത്തിനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നു എന്നുള്ളതാണ്.

ഇന്നിവിടെ അദ്ദേഹത്തെ അനുസ്മരിക്കുമ്പോൾ അദ്ദേഹം നിയമസഭയിൽ നടത്തിയ പരിഷ്കാരങ്ങൾ തുടങ്ങി പല കാര്യങ്ങളെക്കുറിച്ചും നമ്മൾ പറഞ്ഞു. ഞാൻ ഈ നിയമസഭയിൽ 2001-ൽ വന്നതിനുശേഷം വളരെ നല്ല സ്വഭാവവും സ്നേഹവും നീതിയും പുലർത്തിയ സ്പീക്കർമാർ പലരുമുണ്ടായിട്ടുണ്ട്. കേരള നിയമസഭയുടെ ഈ വലിയ മന്ദിരത്തിന്റെ പുറത്ത് കോടിക്കണക്കിന് ഗ്യാലൻ മഴവെള്ളം ഒരുദിവസം പതിക്കും, ഇത് ശേഖരിക്കപ്പെടേണ്ടതാണ് എന്നുപറഞ്ഞ്

പലപ്പോഴായി രണ്ടോ മൂന്നോ കത്തുകൾ അവർക്കൊക്കെ നൽകിയെങ്കിലും മറുപടി കത്ത് ഒന്നും കിട്ടിയില്ല. ഇതേ ആവശ്യവുമായി ജി. കാർത്തികേയൻ സ്പീക്കർ ആയപ്പോൾ ഞാൻ സമീപിച്ചു. ഞാൻ കത്തുമായി ചെന്നപ്പോൾ അദ്ദേഹം കത്ത് വായിച്ചുനോക്കിയിട്ട് ഒരു ഫയൽ പുറത്തെടുത്തു. ഈ നിയമസഭാ മന്ദിരത്തിന്റെ മുറ്റത്ത് ഒരു വലിയ ജല സംഭരണി, ഒരു പക്ഷേ കേരളത്തിലെ തന്നെ ഏറ്റവും വലിയ ജല സംഭരണി സ്ഥാപിക്കുവാനുള്ള ഉത്തരവ് കാണിച്ചുകൊണ്ടാണ് അദ്ദേഹം എന്നെ അത്ഭുതപ്പെടുത്തിയത്. ഈ നിയമസഭ ഒരു പാരിസ്ഥിതിക സൗഹൃദം, ഒരു ഗ്രീൻ അസംബ്ലിയാക്കി മാറ്റാനുള്ള ശ്രമവും അദ്ദേഹം നടത്തിയിരുന്നു. അതെല്ലാം ഒരു ആധുനിക യുഗത്തിൽ ജീവിക്കുന്ന മനുഷ്യന്റെ, എന്നാൽ ഗ്രാമത്തിന്റെ നൈർമ്മല്യം വിടാത്ത, മനുഷ്യനെ സ്നേഹിക്കുന്ന ഒരു വ്യക്തിയുടെ നന്മയാണ് വിളിച്ചോതുന്നത്. ആ നന്മകളെക്കുറിച്ച് ഓർക്കാൻ നമുക്ക് കഴിയണം. ആ വേർപാട് കേരള രാഷ്ട്രീയത്തിനും കേരള സാംസ്കാരിക രംഗത്തിനും നികത്താൻ കഴിയാത്ത ഒരു നഷ്ടമാണ്. ഇവിടെ പലരും പറഞ്ഞതുപോലെ അദ്ദേഹം ഒരു സാംസ്കാരിക പ്രവർത്തകൻ കൂടിയായിരുന്നു. സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നത് ഇഷ്ടമായിരുന്നു. ഒരു സിനിമ കണ്ടാൽ അല്ലെങ്കിൽ നൃത്തം കണ്ടാൽ, പാട്ടുകേട്ടാൽ ആ കലാകാരനെ അല്ലെങ്കിൽ കലാകാരിയെ ഉൾക്കൊള്ളാനും അഭിനന്ദിക്കുവാനും കഴിയുന്ന ഒരു വലിയ മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു. ആ മനസ്സിന്റെ ഉടമയെ നമുക്ക് നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ വേർപാടിലൂടെ ആദർശശാലിയായ, കരുത്തനായ, ജനകീയനായ ഒരു രാഷ്ട്രീയ നേതാവിനപ്പുറം സാംസ്കാരിക പ്രവർത്തകനപ്പുറം ഒരു നല്ല മനുഷ്യനെയാണ് കേരളത്തിന് നഷ്ടപ്പെട്ടതെന്ന് ഓർത്തുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു. അതോടൊപ്പം അദ്ദേഹത്തിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി അല്പസമയം നമുക്ക് എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)

## II അറിയിപ്പ്

### അനുസ്മരണ സമ്മേളനം

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സെക്രട്ടേറിയറ്റിന്റെ അനുസ്മരണ സമ്മേളനം മെമ്പേഴ്സ് ലോഞ്ചിൽ നടക്കുന്നതാണ്.

എല്ലാ ബഹുമാന്യരായ അംഗങ്ങളെയും നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരെയും ഞാൻ ക്ഷണിക്കുന്നു.

സഭ പിരിഞ്ഞാലുടനെ കാര്യോപദേശക സമിതിയുടെ യോഗം ഉണ്ടായിരിക്കുന്നതാണ്.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 മാർച്ച് മാസം 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.07-ന് പിരിഞ്ഞു.)